പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1995 — 14.08.2017 ൽ മറുപടിയ്ക്ക്

## വിലക്കയറ്റം തടയുന്നതിന് സപ്ലൈകോ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) വിലക്കയറ്റം തടയുന്നതിന് സപ്ലൈകോ മുഖാന്തരം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനായി സപ്ലൈകോ മുഖേന താഴെപ്പറയുന്ന കാര്യങ്ങൾ കാര്യക്ഷമമായി നടപ്പാക്കി വരുന്നു.<br>സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമേ ഒ.എം.എസ്.എസ്. പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവയും വിൽപ്പനശാലകൾ വഴി വിതരണം ചെയ്ത് വരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. മറ്റ് അവശ്യസാധനങ്ങളും, FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങൾ MRP യേക്കാൾ / മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ ലഭ്യമാക്കുന്നു. |
| (ബി) സർക്കാർ നിശ്ചയിക്കുന്ന തുകയ്ക്ക് ഉപഭോക്താക്കൾക്ക് ഭക്ഷ്യ വസ്തുക്കൾ എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് സബ്സിഡി നിരക്കിലുള്ള അവശ്യസാധനങ്ങൾ യഥാർത്ഥ ഉപഭോക്താവിനെത്തുണ്ടെന്ന് ഉറപ്പ് വരുത്താൻ ഇത്തരം സാധനങ്ങളുടെ വിതരണം റേഷൻ കാർഡ് മുഖേന നിയന്ത്രിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ